# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1522** **31/10/2019 ൽ മറുപടിക്ക്**

## കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അനിൽ അക്കര | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖല അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | പ്രതിസന്ധി നേരിട്ടിരുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതുമൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യ കശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടേയും ബഹു. കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനക്രമീകരിച്ച് അധികവായ്പ നൽകിവരുന്നുണ്ട്. പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. |
| (ബി) | സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് നൽകിയ ഉറപ്പ് ഇതുവരെയും പാലിക്കുവാൻ സാധിക്കാത്തതിനാൽ അവിടെ പണി എടുത്തിരുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ പട്ടിണിയിലും ദുരിതത്തിലുമാണെന്ന വസ്തുത പരിശോധിക്കുമോ; | | |
| (സി) | പ്രസ്തുത ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാനും തൊഴിലാളികളുടെ ദുരിതം അകറ്റുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അത് ഫലപ്രദമാണോയെന്നും വ്യക്തമാക്കുമോ; | | |

(ഡി) കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് രൂപീകരിച്ച കാഷ്യു ബോർഡ് വേറൊരു വെള്ളാന ആയി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാപ്പക്സിന്റെയും കാഷ്യു ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെയും അധീനതയിലുള്ള ഫാക്ടറികൾക്ക് പ്രവർത്തിക്കാനാവശ്യമായ തോട്ടണ്ടി പോലും ഇറക്കുമതി ചെയ്ത് നൽകുവാൻ ഈ ബോർഡിന് സാധിക്കുന്നില്ല എന്ന വസ്തുത പരിശോധിക്കുമോ;

(ഡി) അടിസ്ഥാനരഹിതമായ ആക്ഷേപം മാത്രമാണിത്. പൊതുമേഖലയിലുള്ള 40 ഫാക്ടറികളും തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി ബോർഡ് ലഭ്യമാക്കി വരുന്നു. ഇതിനകം 17000 മെട്രിക്ടൺ തോട്ടണ്ടി കാഷ്യു ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഒരാഴ്ച്ചയ്ക്കകം 3000 മെട്രിക് ടൺ തോട്ടണ്ടി കൂടി ബോർഡ് ഇറക്കുമതി ചെയ്യുന്നതാണ്. എസ്ക്രോ എക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായങ്ങൾക്കും ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കാൻ ബോർഡിന് സാധിക്കുന്നതാണ്.

(ഇ) കാഷ്യു ബോർഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) കാഷ്യൂ ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും മൂലധനനിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപ ഉൾപ്പെടെ 47.6 കോടി രൂപയുടെ അടച്ചുതീർത്ത പ്രവർത്തന മൂലധനം കമ്പനിക്ക് നിലവിലുണ്ട്. കാഷ്യൂ ബോർഡിന്റെ വാർഷിക തോട്ടണ്ടി സംഭരണലക്ഷ്യം 1 ലക്ഷം ടണ്ണായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ പൊതുമേഖലയിലേതെന്ന പോലെ സ്വകാര്യ മേഖലയിലെയും കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത തോട്ടണ്ടി ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. തോട്ടണ്ടി ഇറക്കുമതിക്ക് ആവശ്യമായ പ്രവർത്തന മൂലധനം സമാഹരിക്കുന്നതിന് വേണ്ടി സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് വേണ്ടി രണ്ട് ഘട്ടങ്ങളിലായി 350 കോടി രൂപയുള്ള സർക്കാർ ഗ്യാരണ്ടി കാഷ്യൂ ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെയും കാപ്പക്സിന്റെയും അധീനതയിലുള്ള ഫാക്ടറികളിൽ 2019-ൽ ഇതുവരെ എത്ര ദിവസം തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ?

(എഫ്) 2019-ൽ ഇതുവരെ കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള ഫാക്ടറികളിൽ 136 ദിവസവും കാപ്പക്സിന്റെ അധീനതയിലുള്ള ഫാക്ടറികളിൽ 163 ദിവസവും തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിച്ചു.

സെക്ഷൻ ഓഫീസർ